## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1609** 14.07.2016-ൽ മറുപടിയ്ക്ക്

## കിൻഫ്ര പാർക്ക് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അർത്ഥനാപത്രം 20.04.2014-ൽ കൊല്ലം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അക്വയർ ചെയ്യാനുദ്ദേശിക്കുന്ന അതിർത്തിയിൽ കിൻഫ്ര അതിരടയാള കല്ലുകൾ സ്ഥാപിക്കുകയും അതു പ്രകാരമുള്ള സ്കെച്ച് ലാൻഡ് അക്വിസിഷൻ തഹസീൽദാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർവ്വെ നോട്ടിഫിക്കേഷനോ, പ്രാഥമിക വിജ്ഞാപനമോ പുറപ്പെടുവിച്ചിട്ടില്ല. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതു കൊണ്ട് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കി യാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നതു നിമിത്തം, ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമായതിനാൽ മേൽപ്പറഞ്ഞ 46.39 ഏക്കർ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിനായി പ്രാദേശിക നിരീക്ഷണസമിതിക്ക് കിൻഫ്ര 27.05-2013-ൽ തന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | അപേക്ഷ പരവൂർ മുൻസിപ്പാലിറ്റിയുടേയും, ചിറക്കര ഗ്രാമ പഞ്ചായത്തിന്റേയും കീഴിലുള്ള ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ നടപടിയിലിരിക്കുകയാണ്. ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പാർക്ക് സ്ഥാപിക്കുന്ന നടപടികളിൽ നിന്നും പിൻമാറി യോയെന്ന് വിശദമാക്കാമോ? | ബി) | പിൻമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ